# ജർമൻ മതിൽ 'തകർത്തിട്ട്' ഇരുപതാൺട്

## ജിബി വർഗീസ് മീനടം



**തകർത്തതിലെ സന്തോഷം** **1989ൽ ബർലിൻ മതിൽ തകർന്നതിലെ സന്തോഷം പങ്കുവയ്ക്കുന്ന കിഴക്കൻ -പടിഞ്ഞാറൻ ജർമൻകാർ**

ഇർവിൻ : യൂറോപ്പിന്റെ ഹൃദയഭാഗത്ത് ജർമനിയെ രണ്ടായി വിഭജിച്ചും പടിഞ്ഞാറൻ യൂറോപ്പിനും കിഴക്കൻ യൂറോപ്പിനും ഇടയിൽ ഇരുമ്പുമറയായും നിലനിന്നിരുന്ന ബർലിൻ മതിൽ ഇടിച്ചുപൊളിച്ചിട്ട് ഇരുപത് വർഷം തികയുന്നു. 1989 നവംബർ ഒൻപതിനാണ് ബർലിൻ മതിൽ ഇടിച്ചു നിരത്തിയത്. ഒരേ കുടുംബത്തിൽ അംഗങ്ങളായിരുന്നവരെയും മാതാപിതാക്കളെയും കുഞ്ഞുങ്ങളെയും സഹോദരങ്ങളെയും ബന്ധുക്കളെയും സുഹൃത്തുകളെയും അടക്കം നിരവധി പേരെയാണ് യുദ്ധക്കൊതിയൻമാരും അധികാരമോഹികളും ചേർന്ന് കെട്ടിപ്പൊക്കിയ ആ വൻ മതിൽ കാലങ്ങളോളം പരസ്പരം കാണാനോ സംസാരിക്കാനോപോലുമാവാതെ അകറ്റിനിർത്തിയിരുന്നത്.

1961 ആഗസ്റ്റ് 13-നാണ് കിഴക്ക് -പടിഞ്ഞാറൻ ജർമ്മനിയെ തമ്മിൽ വേർതിരിച്ചുകൊണ്ട് ബർലിനിൽ മതിൽ നിർമാണം ആരംഭിച്ചത്. ജർമനിയെ കൈയടക്കിവച്ചിരുന്ന നാസിഭരണകൂടത്തിന് അന്ത്യം വരുത്തിയ രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ജർമനിയുടെ ഭരണം നാലായി വിഭജിക്കുകയുണ്ടായി. ലോകമഹായുദ്ധത്തിലെ സഖ്യകക്ഷികളായിരുന്ന അമേരിക്ക, ബ്രിട്ടീഷ്, ഫ്രഞ്ച്, സോവിയറ്റ് യൂണിയൻ എന്നി നാലു പ്രമുഖ രാജ്യങ്ങൾക്കായിരുന്നു ഓരോ മേഖലയുടേയും നിയന്ത്രണം. കൂടാതെ തലസ്ഥാനമായ ബർലിനെയും നാലായി വിഭജിച്ച് ഓരോ മേഖലയുടേയും നിയന്ത്രണം മേൽപറഞ്ഞ സഖ്യകക്ഷിരാജ്യങ്ങൾ ഏറ്റെടുത്തു.

നാലു കൂട്ടരുടെയും സംയോജിത ഭരണനിയന്ത്രണത്തിലുള്ള ഐക്യജർമനിയായിരുന്നു ലക്ഷ്യമെങ്കിലും ശീതയുദ്ധത്തിനൊടുവിൽ അമേരിക്കയും ബ്രിട്ടണും ഫ്രാൻസും കൈയടക്കിവച്ചിരുന്ന പ്രദേശത്തെ വെസ്റ്റ് ബർലിൻ

കേന്ദ്രമാക്കി ഫെഡറൽ റിപ്പബ്ലിക്ക് ഓഫ് ജർമ്മനി അഥവാ വെസ്റ്റ് ജർമനിയെന്ന് പേരിട്ടുകൊണ്ട് സോവിയറ്റ് പക്ഷം നിയന്ത്രിച്ചിരുന്ന കിഴക്കൻ ബർലിനും പ്രദേശങ്ങളും ഒഴിവാക്കി സ്വതന്ത്രരാഷ്ട്രം രൂപികരിച്ചു. ഇതിൽ കുപിതരായ സോവിയറ്റ് യൂണിയൻ തങ്ങളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന കിഴക്കൻ ബർലിൻ കേന്ദ്രീകരിച്ച് ജർമ്മൻ ഡെമോക്രാറ്റിക്ക് റിപ്പബ്ലിക്ക് അഥവാ കിഴക്കൻ ജർമനിയ്ക്ക് രൂപം നല്കി.

പടിഞ്ഞാറൻ മുതലാളിത്ത വ്യവസ്ഥയിലുള്ള ഭരണവും സാമ്പത്തികസാമൂഹിക സ്ഥിതിയുമായിരുന്നു അമേരിക്കയും ബ്രിട്ടണും ഫ്രാൻസും നിയന്ത്രിച്ചിരുന്ന പടിഞ്ഞാറൻ ജർമനിയുടേത്. ആ രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്കനുസരിച്ച് പടിഞ്ഞാറൻ ജർമനിയും അത്ഭുതാവഹമായ സാമ്പത്തിക വളർച്ച നേടി. 1950 തുടങ്ങിയ സാമ്പത്തിക വളർച്ച ഏകദേശം ഇരുപത് വർഷം നീണ്ടു. എന്നാൽ സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് മാതൃകയിലുള്ള ഭരണകൂടമാണ് കിഴക്കൻ ജർമനിയെ ഭരിച്ചിരുന്നതെന്നതിനാൽ മറുവശത്ത് നേടിയ സാമ്പത്തിക വളർച്ച കിഴക്കൻ ജർമനിയ്ക്ക് നേടാനായില്ല. ഇതുമൂലം കിഴക്കുള്ള ജനങ്ങൾ പലരും പടിഞ്ഞാറൻ ജർമനിയിലേക്ക് കുടിയേറാൻ തുടങ്ങി.

മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ തേടി തങ്ങളുടെ പ്രദേശത്തുനിന്ന് ആളുകൾ കൂട്ടത്തോടെ പടിഞ്ഞാറൻ ജർമനിയിലേക്ക് കുടിയേറുന്നത് സോവിയറ്റ് യൂണിയനു സഹിക്കാവുന്നതായിരുന്നില്ല. കുടിയേറ്റം തടയാനായി പല നിയന്ത്രണങ്ങളും ഏർപ്പെടുത്തിയങ്കിലും അതൊന്നും ഉദ്ദേശിച്ച ഫലം കണ്ടില്ല. ഇതുമൂലം പല വിദഗ്ദ ജോലിയ്ക്കും കിഴക്കൻ ജർമനിയിൽ ആളെ കിട്ടാതായി. ജനസംഖ്യകുറയുന്നതനുസരിച്ച് ഭരണകൂടത്തിന്റെ വരുമാനവും കുറഞ്ഞുവന്നു.

ബർലിൻ വഴിയായിരുന്നു കുടിയേറ്റം ഏറെയും . കുടിയേറ്റത്തിന് ശ്വാശതപരിഹാരം കാണുന്നതിനായി സോവിയറ്റ് യൂണിയൻ നേതാവായിരുന്ന ക്രൂഷ്ചേവിന്റെ നിർദേശപ്രകാരം കിഴക്കൻ ജർമനി ഭരണാധികാരിയായിരുന്ന വാൾട്ടർ ഉൾബ്രിച്ച് 1961 ആഗസ്റ്റ് 12–ന് കിഴക്കും പടിഞ്ഞാറും വേർതിരിച്ചുകൊണ്ട് ഒരു വൻ മതിൽ നിർമിക്കാൻ ഉത്തരവിട്ടു. അന്നു രാത്രി തന്നെ കനത്ത സൈനീക കാവലിൽ ഇരുപ്രദേശങ്ങളുടെയും അതിർത്തി അടച്ചു. പടിഞ്ഞാറൻ ജർമനിയിലേക്ക് വാഹനങ്ങളും മറ്റു കടന്നുപോകാതിരിക്കാനായി റോഡുകളിൽ വലിയ കിടങ്ങ് നിർമ്മിക്കുകയും ദിവസങ്ങൾക്കുള്ളിൽ തന്നെ കിലോമീറ്ററുകൾ നീളുന്ന മുള്ളുകമ്പിവേലികൾ നിർമിച്ച് കിഴക്കൻ ജർമനിയുടെ പ്രദേശങ്ങളെ പടിഞ്ഞാറൻ ജർമനിയുമായി വേർതിരിച്ചു. പിന്നീട് കോൺക്രീറ്റ് ഭിത്തികൾ നിർമ്മിച്ച് മതിൽ കൂടുതൽ ഉയർത്തികെട്ടി ഇരുപ്രദേശങ്ങളും തമ്മിലുള്ള അതിർത്തി പൂർണമായും അടച്ചുപൂട്ടി.

മതിലിന്റെ നിർമാണവേളയിലും ശേഷവും അതിർത്തി അതിക്രമിച്ച് കടക്കാൻ ശ്രമിച്ചവരിൽ ഇരുനൂറിലധികം പേരെ കിഴക്കൻ ജർമനി പട്ടാളക്കാർ വെടിവച്ച് കൊന്നിരുന്നു. ഒരുമിച്ച് കിടന്ന ഒരു പ്രദേശത്തെ ഒറ്റരാത്രികൊണ്ട് വേലികെട്ടി വേർതിരിച്ചതിനെ തുടർന്ന് നിരവധി പേരാണ് അനാഥരായി മാറിയത്. പടിഞ്ഞാറൻ ബർലിനിൽ ജോലിയും മറ്റുമായി കഴിഞ്ഞിരുന്ന പല കിഴക്കൻ ജർമനികാർക്കും തിരച്ചു തങ്ങളുടെ ഭവനങ്ങളിലേക്ക് വരാനായില്ല. അതുമൂലം മാതാപിതാക്കളും മക്കളും സഹോദരങ്ങളും സുഹൃത്തുക്കളും ബന്ധുക്കളും ഒരു മതിലിന് അപ്പുറത്തും ഇപ്പുറത്തുമായി ഒറ്റപ്പെടുകയാണുണ്ടായത്.

ഹൃദയബന്ധങ്ങൾക്ക് നടുവിൽ മനുഷ്യൻ കെട്ടിപ്പൊക്കിവച്ചിരുന്ന ആ ഇരുമ്പുമറ

സോവിയറ്റ് യൂണിയന്റെ പതനത്തിനും മറ്റ് അന്താരാഷ്ട്ര സംഭവങ്ങളുടെയും ഒടുവിൽ 1989 നവംബർ 9–ന് തകർന്നു വീണപ്പോൾ ജർമനിയിലെ ആയിരകണക്കിന് ജനങ്ങളോടൊപ്പം ഏറ്റവുമധികം സന്തോഷിച്ചത് യൂറോപ്പിലെ സുവിശേഷപ്രവർത്തകരായിരുന്നു. കാരണം, മനുഷ്യബന്ധങ്ങളെ വേർപ്പെടുത്തിയതിനപ്പുറം കമ്മ്യൂണിസ്റ്റ് നിരീശ്വരവാദചങ്ങലയ്ക്കുള്ളിൽ ബന്ധിച്ചിരുന്ന സോവിയറ്റ് യൂണിയൻ രാജ്യങ്ങളിലേക്കും കിഴക്കൻ യൂറോപ്പിലേക്കും സുവിശേഷപ്രവർത്തകരെ കടത്തിവിടാതെ അകറ്റിനിർത്തിയതും ബർലിൻ മതിലായിരുന്നു.

ബർലിൻ മതിൽ ഇടിച്ചുനിരത്തിയതിന്റെ ഇരുപതാം വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിക്കാൻ പഴയ സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യുറോപ്പിലെയും ക്രിസ്ത്യൻ മിഷനറി സംഘങ്ങളും ഇന്റർനാഷണൽ ബൈബിൾ സൊസൈറ്റിയുടെ യൂറോപ്യൻ ഘടകവും ചേർന്ന് തീരുമാനിച്ചിരിക്കുകയാണ്. ആഘോഷപരിപാടികൾ വരുന്ന ഒക്ടോബർ 29, 30 തിയതികളിൽ ലണ്ടനിൽ വച്ച് നടത്താനാണ് സംഘടനകളുടെ തീരുമാനം.

മതിലിന്റെ വീഴ്ചയോടെ മേൽപറഞ്ഞ പ്രദേശങ്ങളിലേക്ക് യേശുവിന്റെ സത്യസുവിശേഷത്തിനും പ്രവർത്തകർക്കും കടന്ന് ചെന്ന് എല്ലാം തകർന്ന ലക്ഷകണക്കിന് പേരോട് പ്രത്യാശയുടെ വചനം പങ്കുവെയ്ക്കാനായി. ഇരുളിലായിരുന്ന വലിയയോരു ജനസമൂഹം അതോടെ സത്യത്തിന്റെ വെളിച്ചം കാണാനിടയായി. ലക്ഷകണക്കിന് പേരുടെ ആത്മരക്ഷയ്ക്കായി നിരവധി മിഷനറിമാരുടെ ജീവൻ കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ പകരം നല്കേണ്ടിവന്നു.

മാറുന്ന സാമ്പത്തിക സാമൂഹ്യവ്യവസ്ഥകളിൽ മറ്റേതു രാജ്യങ്ങളിലെ പോലെ റഷ്യയിലും സമീപരാജ്യങ്ങളിലും പ്രവർത്തിക്കുന്ന ക്രിസ്തീയ സഭകളും സുവിശേഷപ്രവർത്തകരും വലിയവെല്ലുവിളിയാണ് നേരിടുന്നതെന്ന് റഷ്യൻ മിഷനറി സംഘടനകളുടെ വക്താവ് സെർജി റാക്ക്ഹൂബ പറഞ്ഞു. ഈ വെല്ലുവിളികളെ നേരിടണമെങ്കിൽ സുവിശേഷം ലജ്ജ കൂടാതെ അറിയിക്കാൻ തയ്യാറുള്ള യുവജനതയെ സജ്ജരാക്കേണ്ടതുണ്ട് . ഇങ്ങനെയുള്ള യുവജനങ്ങൾ റഷ്യ ഉൾപ്പടെയുള്ള കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ഉണ്ടെങ്കിലും അവർക്ക് ആഗോള പ്രത്യാഘാതങ്ങളെ അതിജീവിച്ച് മുന്നോട്ട് പോകാനുള്ള മാർഗങ്ങൾ കണ്ടെത്തുകയാണ് ലണ്ടൻ സമ്മേളനം കൊണ്ട് മിഷനറി സംഘടനകൾ ഉദേശിക്കുന്നതെന്നും അദേഹം കൂട്ടിചേർത്തു.

റഷ്യ ഉൾപ്പടെ പഴയ സോവിയറ്റ് യൂണിയനിൽപെട്ട രാജ്യങ്ങളിലും കിഴക്കൻ യൂറോപ്പിലും കഴിഞ്ഞ ഇരുപത് വർഷം നടത്തിയ മിഷനറി പ്രവർത്തനങ്ങളുടെ അവലോകനമാണ് സമ്മേളനത്തിന്റെ മുഖ്യ അജണ്ഡ . മാറുന്ന ആഗോള സാമൂഹ്യസാമ്പത്തിക വ്യവസ്ഥയിൽ മേൽ പറഞ്ഞ രാജ്യങ്ങളിലെ സുവിശേഷപ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലതയോടെ ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങളും സമ്മേളനം ചർച്ചചെയ്യും.